"ഭരണഭാഷ-മാതൃഭാഷ"

No. **DWCD/3038/2026-ICDSA4**

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 08-06-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ അങ്കണവാടി കുട്ടികളുടെ സുരക്ഷയ്ക്കായി സ്വീകരിക്കേണ്ട മുൻ കരുതലുകൾ - സംബന്ധിച്ച്:-

സൂചന:-
1. ബഹു: വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ 07/06/2026 തീയതിയിലെ മെയിൽ സന്ദേശം
2. വനിത ശിശു വികസന ഡയറക്ടറുടെ 19/03/2026 തീയതിയിലെ DWCD/1643/2026-ICDS A4 നമ്പർ പരിപത്രം

സംസ്ഥാനത്ത് ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ അങ്കണവാടികളിൽ ജാഗ്രത പുലർത്തുന്നതിന് ബഹുമാനപ്പെട്ട വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ മെയിൽ സന്ദേശം സൂചന (1) പ്രകാരം ലഭ്യമായിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്ത അവസരത്തിൽ അങ്കണവാടി കുട്ടികളുടെ സുരക്ഷയ്ക്കായി അങ്കണവാടി കേന്ദ്രങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച നിർദേശങ്ങൾ അടങ്ങിയ സർക്കുലർ സൂചന (2) പ്രകാരം കീഴ്ക്കാര്യാലയങ്ങൾക്ക് നല്കിയിരുന്നു.

ഷിഗെല്ല രോഗം മറ്റ് ജില്ലകളിൽ കൂടി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രസ്തുത സർക്കുലറിലെ നിർദേശങ്ങൾ കർശനമായും പാലിക്കുന്നതോടൊപ്പം അതത് ജില്ലാ മെഡിക്കൽ ഓഫീസർമാരുമായി ചേർന്ന് രോഗ വ്യാപന പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അങ്കണവാടി പ്രവർത്തകർക്ക് ഓൺ ലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ജില്ല വനിത ശിശുവികസന ഓഫീസർമാർ ഇതിന്റെ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

Digitally signed by
Vigneshwari V
Date: 08-06-2026
14:00:23

വനിത ശിശു വികസന ഡയറക്ടർ

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും